കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അകലക്കുന്നം ഗ്രാമപഞ്ചായത്ത് - മുഴൂർ വനിത വ്യവസായ കേന്ദ്രത്തിന്റെ കെട്ടിടം അംഗനവാടികൾക്കായി വിട്ടുകൊടുത്ത് അടുത്ത വർഷം അടുക്കളയും മറ്റ് അനുബന്ധ സൗകര്യവും ഒരുക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 1096/ 2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 30.05.2019

---

പരാമർശം :- 1.കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2019-ലെ കത്തും അകലക്കുന്നം പഞ്ചായത്ത് പ്രസിഡന്റിന്റെ 30.01.2019-ലെ A2-105/16-ാം നമ്പർ കത്തും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019 ലെ യോഗ തീരുമാനം നം. 4.44

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലെ മുഴൂർ വനിത വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം നിന്നുപോയ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിൽ കഴിഞ്ഞ 12 വർഷമായി അംഗനവാടി പ്രവർത്തിച്ചു വരുന്നുവെന്നും ഒരു മുറിയുള്ള പ്രസ്തുത കെട്ടിടത്തിൽ സൗകര്യങ്ങൾ പരിമിതമാണെന്നും അനുയോജ്യമായ സ്ഥലമോ കെട്ടിടമോ മേൽ പ്രദേശത്തു ലഭിക്കാത്തതിനാൽ ഈ കെട്ടിടം അംഗനവാടിക്കായി വിട്ടുകൊടുത്ത് അടുത്ത വർഷം അടുക്കളയും മറ്റ് അനുബന്ധ സൗകര്യവും ഒരുക്കുന്നതിന് അനുമതി നൽകണമെന്നും അകലക്കുന്നം പഞ്ചായത്ത് പ്രസിഡണ്ട് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) ലെ യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ തീരുമാനപ്രകാരം മുഴൂർ വനിത വ്യവസായ കേന്ദ്രത്തിന്റെ കെട്ടിടം അംഗനവാടികൾക്കായി വിട്ടുകൊടുത്ത് അടുത്ത വർഷം അടുക്കളയും മറ്റ് അനുബന്ധ സൗകര്യവും ഒരുക്കുന്നതിന് അകലക്കുന്നം ഗ്രാമപഞ്ചായത്തിന് അനുമതിനൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം
പ്രസിഡണ്ട്, അകലക്കുന്നം പഞ്ചായത്ത്, കോട്ടയം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ